**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 605** — **24-08-2022 - ൽ മറുപടിയ്ക്ക്**

**മുള വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മുള വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനും മൂല്യവർദ്ധനവ് , വരുമാന വർദ്ധനവ്, ദാരിദ്രനിർമ്മാജ്ജനം എന്നിവ പ്രോത്സാഹിപ്പിക്കുക എന്നതും ലക്ഷ്യമാക്കി 2003-ൽ രൂപീകരിച്ച കേരള സ്റ്റേറ്റ് ബാംബൂ മിഷന്റെ സംഭാവന വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ; | (എ) | കേരളത്തിലെ പരമ്പരാഗത ഗ്രാമ വ്യവസായ മേഖലകളിലൊന്നായ മുള മേഖലയുടെ ഉന്നമനത്തിനായും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടേയും, സംരംഭകരുടേയും ജീവിത നിലവാരം ഉയർത്തി അവരെ പുരോഗമനപാതയിലേക്ക് നയിക്കുന്നതിനും വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ, സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിനു കീഴിൽ 2003 ൽ രൂപീകരിച്ച് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിനു കീഴിൽ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ പ്രവർത്തിച്ചു വരുന്നു.<br><br>കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന പരിശീലനം നൽകുക, കരകൗശലക്കാരുടെ കഴിവുകൾ മനസിലാക്കി അനുയോജ്യമായ നൈപുണ്യ വികസനം/ഉൽപ്പന്ന ഗുണമേന്മ എന്നിവ വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുക, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുക, പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കുക, മുള അനുബന്ധ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക, ദേശീയ അന്തർദേശീയ വിപണന മേളകളിൽ കരകൗശലക്കാരെ പങ്കെടുപ്പിക്കുക, വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കുക, മുള കൃഷി പ്രോത്സാഹിപ്പിക്കുക, ബാംബൂ സപ്ലൈ ചെയിൻ രൂപീകരിക്കുക, മുള അനുബന്ധിത മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, മുള ഉൽപ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് കേരള സംസ്ഥാന ബാംബൂ മിഷന്റെ പ്രധാന പ്രവർത്തന മേഖലകൾ.<br><br>സംസ്ഥാന പരമ്പരാഗത വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>1. വാർഷിക മേളയായ ബാംബൂ ഫെസ്റ്റ്<br>2. മുള ഉൽപ്പന്ന നിർമ്മാണ പരിശീലന പരിപാടി<br>3. ദേശീയ അന്തർ ദേശീയ മേളകളിൽ കരകൗശല വിദഗ്ധരെ പങ്കെടുപ്പിക്കുക<br>4. ബാംബൂ സപ്ലൈ ചെയിൻ രൂപീകരണം<br>5. ബാംബൂ ഇന്നവേഷൻ സെന്ററിന്റെ രൂപീകരണം.<br>6. മുളപ്രജനനം പ്രോത്സാഹിപ്പിക്കുക |

(ബി) നാഷണൽ ബാംബു മിഷൻ നടപ്പിലാക്കി വരുന്ന ഏതെങ്കിലും പദ്ധതികളുടെ പ്രയോജനം സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

(ബി) കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന്റെ കീഴിലെ നാഷണൽ ബാംബൂ മിഷൻ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നത് ബാംബൂ ഡെവലപ്മെന്റ് ഏജൻസിയായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാംബൂ മിഷനാണ്. പുന:സംഘടിപ്പിച്ച നാഷണൽ ബാംബൂ മിഷൻ പദ്ധതി പ്രകാരം കേന്ദ്ര വിഹിതം 60% വും സംസ്ഥാന വിഹിതം 40% മാണ്.

മുള നഴ്സറികളുടെ വികസനം, മുള പ്ലാന്റേഷൻ, ലൈറ്റ്ലിഹുഡ് ബിസിനസ്സ് ഇൻകുബേഷൻ സെന്റർ, മുള സംസ്കരണ പ്ലാന്റ്, പ്രോസസ്സിംഗ് യൂണിറ്റ് തുടങ്ങിയ പദ്ധതികൾക്കു വേണ്ടി നാഷണൽ ബാംബൂ മിഷനിൽ നിന്നും 2018-19 വാർഷിക പദ്ധതിയിൽ 966.65 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചു. ഈ പദ്ധതികൾ സംസ്ഥാനത്തുള്ള താഴെ പറയുന്ന വിവിധ സർക്കാർ / പ്രൈവറ്റ് ഏജൻസികൾ മുഖേന നടപ്പിലാക്കി വരികയാണ്.

| നം | ഏജൻസികൾ | അനുവദിച്ച നൽകിയ തുക |
|---|---|---|
| 1 | കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, അങ്കമാലി | 729.00 ലക്ഷം |
| 2 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംജി.എൻ.ആർ.ഇ.ജി.എസ്)- കേരള | 93.62 ലക്ഷം |
| 3 | കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എഫ്.ആർ.ഐ) തൃശ്ശൂർ | 1.00 ലക്ഷം |
| 4 | ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI), തിരുവനന്തപുരം | 27.50 ലക്ഷം |
| 5 | അഗ്രികൾച്ചറൽ കോളേജ്, വെള്ളായണി, തിരുവനന്തപുരം | 10.00 ലക്ഷം |
| 6 | ഉറവ് ഇൻഡിജിനിയസ് സയൻസ് & ടെക്നോളജി സ്റ്റഡി സെന്റർ, വയനാട് | 27.50 ലക്ഷം |
| 7 | കേരള സംസ്ഥാന ബാംബൂ മിഷൻ, (കെബിപ്പ്) തിരുവനന്തപുരം | 78.03 ലക്ഷം |

മുള നഴ്സറികളുടെ വികസനം, മുള പ്ലാന്റേഷൻ, ദേശീയ മേളകളിൽ പങ്കെടുക്കൽ തുടങ്ങിയ പദ്ധതികൾക്കു വേണ്ടി നാഷണൽ ബാംബു മിഷനിൽ നിന്നും 2020-21 ലെ വാർഷിക പദ്ധതിയിൽ 35.75 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചു. ഈ പദ്ധതികൾ സംസ്ഥാനത്തുള്ള താഴെ പറയുന്ന വിവിധ സർക്കാർ ഏജൻസികൾ മുഖേന നടപ്പിലാക്കി വരികയാണ്.

| നം | ഏജൻസികൾ | അനുവദിച്ച |
|---|---|---|

| | | |
|---|---|---|
| | | നൽകിയ തുക |
| 1 | തൃശ്ശൂർ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഫാർമിങ് സിസ്റ്റംസ് റിസേർച്ച് സ്റ്റേഷൻ (എഫ്.എസ്.ആർ.എസ്) സദാനന്ദപുരം, കൊട്ടാരക്കര | 10.00 ലക്ഷം |
| 2 | കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കോട്ടയം | 22.50 ലക്ഷം |
| 3 | കേരള സ്റ്റേറ്റ് ബാംബൂ മിഷൻ, തിരുവനന്തപുരം | 3.25 ലക്ഷം |

സെക്ഷൻ ഓഫീസർ